കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാനത്തിലും ത്രിതല പഞ്ചായത്തീരാജ് തലത്തിലും പ്രവർത്തിക്കുന്ന ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ നൽകുന്ന വേതന നിരക്ക് 10% വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(കൈ) 48/2016/തസ്വഭവ** **തിരുവനന്തപുരം, തീയതി, 03.03.2016**

==========================================================================

പരാമർശം: 1. സ.ഉ.(കൈ) നം.220/14/ത.സ്വ.ഭ.വ. തീയതി 09.12.2014

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.11.2015 തീയതിയിലെ 16790/NREG Cell/2011/CRD നമ്പർ കത്ത്.

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ സംസ്ഥാന-ജില്ലാ ഓഫീസുകളിൽ കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന ഭരണചെലവുകൾക്ക് അനുവദനീയമായ പരിധിയിൽ നിന്നും അധികരിക്കാൻ പാടില്ല എന്ന നിബന്ധനയോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാനത്തിലും ത്രിതല പഞ്ചായത്തീരാജ് തലത്തിലും പ്രവർത്തിക്കുന്ന ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ നൽകുന്ന വേതന നിരക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം 10% വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ നല്കുന്ന പദ്ധതി തുകയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | നിലവിലെ വേതനം (രൂ) | പുതുക്കിയ വേതനം (രൂ) 10% അധികരിച്ച തുക |
|---|---|---|---|
| 1 | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 12,000/- | 13,200/- |
| 2 | അക്രഡിറ്റഡ് എഞ്ചിനീയർ (ഓവർസീയർ) | 12,000/- | 13,200/- |

| | | | |
|---|---|---|---|
| 3 | അക്രഡിറ്റഡ് എഞ്ചിനീയർ (അസിസ്റ്റന്റ് എഞ്ചിനീയർ) | 15,000/- | 16,500/- |
| 4 | ഐ.റ്റി.പ്രൊഫഷണൽ (ജില്ല) | 17,000/- | 18,700/- |
| 5 | ഐ.റ്റി.പ്രൊഫഷണൽ (സംസ്ഥാനം) | 20,000/- | 22,000/- |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി. ഐ. ഷെയ്ഖ് പരീത്
സെപ്ഷ്യൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ്
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ